(ഇ) ഈ വിഷയത്തിൽ വേണ്ട തീരുമാനം എടുക്കുന്നതിനായി ജില്ലാതല ബാങ്കിംഗ് സമിതിക്ക് സംസ്ഥാനതല ബാങ്കിംഗ് സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം

101 (3610) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഉപയോഗപ്പെടുത്തി മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം സൗകര്യം അനുവദിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ വിവിധ എം.എൽ.എ. മാരുടേതായി ലഭിച്ചു ; വിശദാംശം നൽകാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ഏതൊക്കെ എം.എൽ.എ. മാർക്ക് ആസ്തിവികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കുകയുണ്ടായി; വിശദാംശം നൽകാമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ആസ്തിവികസന ഫണ്ട് ഉപയോഗിക്കുന്നതിന് ഏതെങ്കിലും എം.എൽ.എ. മാരുടെ പ്രൊപ്പോസലുകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ആസ്തി വികസന ഫണ്ടിൽ നിന്ന് സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിൽ ലഭിച്ച പ്രൊപ്പോസലുകളുടേയും അനുമതി നൽകിയ പ്രൊപ്പോസലുകളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സർക്കാർ അധീനതയിൽ മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനായാണ് ആസ്തി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് ചട്ടപ്രകാരം അനുവദനീയമല്ലാത്ത സാഹചര്യത്തിലാണ് നിയമസഭാ സാമാജികരുടെ നിർദ്ദേശങ്ങൾ നിരസിച്ചിട്ടുള്ളത്. എന്നാൽ, എം.എൽ.എ.മാരുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly